മുനിസിപ്പൽ കോമൺ സർവ്വീസിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത് 1972-ലെ കേരള മുനിസിപ്പൽ കോമൺ സർവ്വീസ് റൂൾസ് പ്രകാരമാണ്. പ്രസ്തുത നിയമനത്തിനുള്ള യോഗ്യതയിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ എന്ന കോഴ്സ് ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ക്രമീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ സ്പെഷ്യൽ റൂൾ അന്തിമമാകുന്നമുറയ്ക്ക് മേൽ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നതാണ്.

ദന്തൽ വിഭാഗം

207 (207) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനുകീഴിൽ ദന്ത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനാവശ്യമായവിധം ഹരിയാന, പഞ്ചാബ് സംസ്ഥാനങ്ങളുടെ മാതൃകയിൽ ദന്ത വിഭാഗത്തിന് പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിക്കാനും ദന്തൽ ഡയറക്ടറെ നിയമിക്കാനും നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ബി) ദന്ത വിഭാഗത്തിന്റെ ശാക്തീകരണത്തിനായി നിലവിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള ഏക ദന്തൽ ഡെപ്യൂട്ടി ഡയറക്ടറെ ദന്ത വിഭാഗം അഡീഷണൽ ഡയറക്ടർ ആയി ഉയർത്തണമെന്ന ആവശ്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

തത്കാലം പരിഗണനയിലില്ല.

(സി) ആരോഗ്യ മേഖലയിലെ സീനിയർ ദന്തൽ ഹൈജീനിസ്റ്റുകളെ കേന്ദ്ര മാനദണ്ഡപ്രകാരം ദന്തൽ/ഓറൽ ഹൈജീൻ ആഫീസർ ആയി പുനർ നാമകരണം നടത്താനുള്ള വിഷയത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പരിശോധിച്ചുവരുന്നു.

ഫിസിയോതെറാപ്പിസ്റ്റുകളുടെ സ്ഥിര നിയമനം

208 (208) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ ജനറൽ, ജില്ലാ, താലൂക്കാശുപത്രികളിൽ ഫിസിയോതെറാപ്പിസ്റ്റുകളുടെ എത്ര തസ്തികകൾ ഉണ്ടെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly